## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1420

14.06.2013 ലെ
മറുപടിയ്ക്ക്

### മൾട്ടി സെക്ടർ ഡവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പുമന്ത്രി) |
| എ) മൾട്ടി സെക്ടർ ഡവലപ്മെന്റ് പ്രോഗ്രാമിൽ കേരളത്തിൽ നിന്നുള്ള ബ്ലോക്കുകളെ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ;<br><br>ബി) എത്ര ബ്ലോക്കുകളെയാണ് ഈ പദ്ധതിക്ക് കീഴിൽ കൊണ്ടു വരാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യുന്നതെന്ന് അറിയിക്കുമോ; | എ) യും ബി) യും | പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലും ടൗണുകളിലും, ഗ്രാമപ്രദേശങ്ങളിലും പ്രസ്തുത പദ്ധതി നടത്തുന്നതിനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കേരളത്തിൽ നിന്നും 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി അയക്കുകയും ആദ്യഘട്ടത്തിൽ വയനാട്ട ജില്ലയിലെ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും തെരഞ്ഞെടുക്കുകയും ചെയ്തു. കേന്ദ്രഗവണ്മെന്റ് നിർദ്ദേശിച്ചതനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾക്കും പ്രദേശങ്ങൾക്കും യോജിച്ച 10 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| സി) പക്കാചുമരുകളുള്ള ഭവനങ്ങൾ കുറവുള്ളതും വനിതാ തൊഴിൽ പങ്കാളിത്തം കുറഞ്ഞ തോതിലുള്ളതും അടിസ്ഥാന സൗകര്യങ്ങൾ പരിമിതവുമായ തീരപ്രദേശ ബ്ലോക്കുകൾക്ക് മുൻഗണന നൽകുമോ;<br><br>ഡി) എങ്കിൽ, ഇത്തരം ജനങ്ങൾ തിങ്ങിതാമസിക്കുന്ന മലപ്പുറം ജില്ലയിലെ താന്നൂർ ബ്ലോക്ക് അടക്കമുള്ള ബ്ലോക്കുകൾക്ക് പ്രഥമ പരിഗണന നൽകുന്നകാര്യം ആലോചിക്കുമോ; വിശദമാക്കുമോ? | സി) യും ഡി) യും | കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്ത 50 ബ്ലോക്കുകളിൽ മലപ്പുറം ജില്ലയിലെ താന്നൂർ ബ്ലോക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ